നമ്പർ.ജി(4)128091/2019.

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 11.03.2020.

## സർക്കുലർ നമ്പർ. 19/2020

വിഷയം:- സഹകരണവകുപ്പ്-കെ.മാധവൻ ഫൗണ്ടേഷൻ ഗുരുവായൂർ സത്യാഗ്രഹ സ്മാരക മന്ദിരം- സഹകരണ സ്ഥാപനങ്ങ ളിൽ നിന്നും സംഭാവന - അനുമതി നൽകുന്നത്- സംബന്ധിച്ച്.

പരാമർശം:- 1. കെ.മാധവൻ ഫൗണ്ടേഷൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രി മുഖേന ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച 01.11.2016 ലെ അപേക്ഷ.

2. സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ നിന്നും സർക്കാരിൽ സമർപ്പിച്ച 15.11.2019 ലെ മേൽ നമ്പർ കത്ത്.

3. സർക്കാരിൽ നിന്നും ലഭിച്ച 04.03.2020 ലെ പി.എസ്1/585/2016/സഹ നമ്പർ കത്ത്.

കേരളത്തിലെ തലമുതിർന്ന സ്വാതന്ത്ര്യസമരസേനാനിയും, ഉപ്പുസത്യാഗ്രഹ ത്തിലും ഗുരുവായൂർ സത്യാഗ്രഹത്തിലും സജീവ പങ്കാളിത്തവും വടക്കേ മലബാറിലെ കർഷക പ്രസ്ഥാനങ്ങളുടെ സ്ഥാപക നേതാക്കളിൽ ഒരാൾ കൂടിയായ ശ്രീ.കെ.മാധവന്റെ പേരിൽ പ്രവർത്തിച്ചുവരുന്ന കാഞ്ഞങ്ങാട് കെ.മാധവൻ ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനു വേണ്ടി കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റിയിൽ സർക്കാർ അനുവദിച്ച സ്ഥലത്ത് ഗുരുവായൂർ സത്യാഗ്രഹ സ്മാരക മന്ദിരം നിർമ്മിക്കുവാൻ ഫൗണ്ടേഷൻ തീരുമാനിച്ചിരിക്കുന്നു. സ്മാരക മന്ദിരത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന നൽകണമെന്നുള്ള ഫൗണ്ടേഷൻ ജനറൽ സെക്രട്ടറിയുടെ അപേക്ഷ പരാമർശം (1) പ്രകാരം ലഭിക്കുകയും ആയതിൽ പരാമർശം(3) പ്രകാരം സർക്കാർ അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ കെ.മാധവൻ ഫൗണ്ടേഷൻ ആസ്ഥാനമായ ഗുരുവായൂർ സത്യാഗ്രഹ സ്മാരക മന്ദിരത്തിനുവേണ്ടി കാസർഗോഡ് ജില്ലയിലെ പ്രാഥമിക സഹകരണ സ്ഥാപനങ്ങളുടെ പൊതുനന്മാഫണ്ടിൽ നിന്നും 25000/-രൂപയിൽ കവിയാത്ത തുക സംഭാവനയായി നൽകുന്നതിന് നിർദ്ദേശിക്കുന്നു.

(ഒപ്പ്)
ഡോ.പി.കെ.ജയശ്രീ.ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ.

പകർപ്പ്:

1. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും.
2. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും.
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും. (ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
4. എല്ലാ സഹകരണ സംഘങ്ങൾക്കും(ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
5. എഡിറ്റർ, സഹകരണ വീഥി
6. വെബ് സൈറ്റ്.
7. സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)